

ACE Scanner

# എടച്ചേരി എം.എൽ.പി സ്കൂൾ
# തലായി

### ചോമ്പാല ഉപജില്ല
### വടകര വിദ്യാഭ്യാസ ജില്ല
### കോഴിക്കോട്
### സ്ഥാപിതം: 1940

PDF Scanner ACE Scanner

# ഉള്ളടക്കം


| Sl.no | INDEX | Page.no |
| --- | --- | --- |
| 1. | ആമുഖം | 4 |
| 2. | വിദ്യാലയ ചരിത്രം | 7 |
| 3. | ലക്ഷ്യങ്ങൾ | 7 |
| 4. | മലയാളം | 8 |
| 5. | അക്ഷര വെളിച്ചം - മലയാളം | 11 |
| 6. | അറബിക് | 14 |
| 7. | EASY ENGLISH | 16 |
| 8. | പരിസര പഠനം | 19 |
| 9. | ഗണിതം | 21 |
| 10. | ആരോഗ്യ ശുചിത്വ പരിപാടി | 25 |
| 11. | ഉച്ച ഭക്ഷണ പദ്ധതി | 26 |
| 12. | കായികം - കല | 26 |
| 13. | പ്രവൃത്തി പരിചയം | 26 |
| 14. | ICT | 26 |
| 15. | ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ | 27 |
| 16. | ക്ലബ്ബ് പ്രവർത്തനങ്ങൾ | 27-28 |
| 17. | പ്രതീക്ഷിത ചെലവുകൾ | 28 |


ACE Scanner

## ആമുഖം

ഒരു ദേശത്തെ അനേകം തലമുറകളെ അറിവു കൊണ്ട് സ്വതന്ത്രരും പ്രബുദ്ധരുമാക്കിയ മഹത്തായ വിദ്യാഭ്യാസ സ്ഥാപനമാണ് എടച്ചേരി എം. എൽ.പി സ്കൂൾ.എട്ടു പതിറ്റാണ്ട് മുമ്പ് ബഹു: മാലോൽ ഷെയ്ഖ് മുസ്ലിയാരുടെ നേതൃത്വത്തിൽകോറോത്ത്കണ്ടി കുഞ്ഞബ്ദുള്ള മുസ്ലിയാരും ചേർന്ന് ഒരു ഓത്ത് പള്ളി സ്ഥാപിച്ചിടത്തു നിന്നാണ് ഈ വിദ്യാലയത്തിന്റെ തുടക്കം.ചുണ്ടരു കണ്ടിയിൽ മൊയ്തുവും കിഴക്കയിൽ കുഞ്ഞിപ്പാത്തുവുമായിരുന്ന ആദ്യത്തെ വിദ്യാർത്ഥികൾ.മുറിച്ചാണ്ടി കൃഷ്ണൻ നമ്പ്യാർ ആദ്യ അധ്യാപകനായി വരികയും ഈ നാടിന് അക്ഷരവെളിച്ചം പ്രസരിക്കുന്ന ഒരു വിദ്യാലയം പിച്ചവെക്കുകയും ചെയ്തു.

എണ്ണമറ്റ പ്രതിഭകളെ സമൂഹത്തിന് നൽകാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.സമർത്ഥരും യോഗ്യരുമായ അധ്യാപകരുടെ വിദഗ്ധമായ ശിക്ഷണത്തിന് കീഴിൽ പ്രമുഖരും പ്രശസ്തരുമായ വിദ്യാർത്ഥികളെ വാർത്തെടുത്തു കൊണ്ടിരിക്കുകയാണ് എടച്ചേരി എം.എൽ.പി സ്കൂൾ. പല മണ്ഡലങ്ങളിൽ കഴിവു തെളിയിച്ച എണ്ണമറ്റ പൂർവ്വ വിദ്യാർത്ഥികൾ ഈ മുറ്റത്താണ് കളിച്ചു വളർന്നതും, ഈ മുറികളിലിരുന്നാണ് ആദ്യാക്ഷരം നുകർന്നതും.

## വിദ്യാഭ്യാസം

പൊതുവിദ്യാഭ്യാസ രംഗം തകർച്ചയെ നേരിടുകയാണെന്ന് നാടൊട്ടുക്കും നിലവിളിയുയരുമ്പോൾ കർമനിരതനായ ഒരു കൂട്ടം അധ്യാപകരും നിശ്ചയദാർഢ്യമുള്ള ഒരു മാനേജ്മെന്റും അത്ഭുതങ്ങൾ തീർക്കാൻ ഒരുങ്ങുകയാണ്.എടച്ചേരിയിൽ വിദ്യാഭ്യാസമെന്നത് കാണാപാഠം പഠിച്ച് പരീക്ഷ പാസാകലല്ല,കുട്ടിയുടെ സർവ്വ മേഖലകളിലുമുള്ള വികാസമാണ്.ഗുണമേന്മയുള്ള പഠനത്തെപ്പറ്റി ആഴത്തിലുള്ള കാഴ്ചപ്പാടോടെ കുട്ടികളുടെ ബുദ്ധിപരവും വൈകാരികവും ശാരീരികവും സർഗാത്മകവുമായ കഴിവുകളുടെ സംയോജിതമായ വളർച്ച ലക്ഷ്യം വച്ച് പല വിധ പദ്ധതികളാണ് ഞങ്ങൾ നടപ്പിൽ വരുത്തുന്നത്.

കലാരംഗത്തും കായിക മേഖലയിലും പഠനമണ്ഡലത്തിലും നമ്മുടെ സ്കൂൾ ഇതിനകം മികച്ച നേട്ടങ്ങൾ കാഴ്ച വച്ചിട്ടുണ്ട്. ഓരോ കുട്ടിയും വ്യത്യസ്തമായ കഴിവുകളാൽ അനുഗ്രഹിക്കപ്പെട്ടിരിക്കുന്നു.അവരെ കണ്ടെത്താനും പരിപോഷിപ്പിക്കാനും സഹായിക്കുന്ന പഠനമാണ് ഞങ്ങളുടെ ലക്ഷ്യം.

ACE Scanner

## നേട്ടങ്ങൾ

1) കഴിഞ്ഞ അക്കാദമിക വർഷം സ്കൂളിന് ഒരു LSS കിട്ടിയിട്ടുണ്ട്.
2) ബാലകലാമേളയിൽ സബ്ജില്ലയിൽ 8ാം സ്ഥാനം കിട്ടിയിട്ടുണ്ട്.
3) അറബിക് സാഹിത്യോത്സവത്തിൽ സബ്ജില്ലയിൽ ഓവറോൾ ചാമ്പ്യന്മാരായി.
4) കളിമൺ രൂപം ഉണ്ടാക്കൽ,ചിരട്ട കൊണ്ടുള്ള ഉൽപന്നങ്ങൾ എന്നിവയിൽ A grade നേടി ജില്ലയിലേക്ക് പോയി.
5) കഴിഞ്ഞ വർഷം സാമൂഹ്യശാസ്ത്ര മേളയിൽ collection വിഭാഗത്തിൽ A grade കരസ്ഥമാക്കി.

## പരിമിതികൾ

1) കളിസ്ഥലം ഇല്ലാത്തതിനാൽ കുട്ടികൾക്ക് വേണ്ടത്ര കായിക പ്രവർത്തനങ്ങളിൽ ഉയരാൻ കഴിയുന്നില്ല.
2) സ്ഥിരമായ ഒരു പ്രവൃത്തി പരിചയ അധ്യാപകന്റെ അഭാവം കാരണം നിർമ്മാണ പ്രവർത്തനങ്ങളും സർഗാത്മക ശേഷിയുള്ളവരെയും വേണ്ടത്ര പരിപോഷിപ്പിക്കാൻ കഴിയുന്നില്ല.
3) കമ്പ്യൂട്ടറിന്റെ അപര്യാപ്തത,സ്മാർട്ട് ക്ലാസ്സ് റൂമിന്റെ അഭാവം,ഓരോ ക്ലാസ്സിലും പ്രൊജക്ടറിന്റെ പരിമിതി.
4) ജൈവ പച്ചക്കറി തോട്ടമുണ്ടാക്കാനുള്ള സ്ഥല പരിമിതി.
5) സ്കൂളിലേക്കുള്ള ഗതാഗത സൗകര്യം ഇല്ലായ്മ.

ACE Scanner

## വിദ്യാലയ ചരിത്രം

1940 ന മുൻപ് ഓത്ത് പള്ളിയായിരുന്ന ഈ സ്ഥാപനം. കോറോത്ത്കണ്ടി അബ്ദുള്ള മുസ്ലിയാരുടെ നേതൃത്വത്തിൽ എടച്ചേരി എം.എൽ.പി സ്കൂളായി മാറി. അന്ന് മുതൽ പഠനകാര്യചത്തിൽ എന്നും ഉന്നതിയിൽ തന്നെയായിരുന്നു.വിദ്യാഭ്യാസ മേഖലയിൽ പ്രൈവറ്റ് സ്ഥാപനങ്ങളുടെ അമിതമായ കടന്നുകയറ്റം കൊണ്ട് വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ കുറവൊഴിച്ചാൽ ഈ സ്കൂൾ എല്ലാ തരത്തിലും മെച്ചപ്പെട്ട നിലയിൽ തന്നെ പ്രവർത്തിച്ചു വരികയാണ്.2015-16 വർഷം മുതൽ ശ്രീ.പി.വി മുഹമ്മദ് റഫീഖ് സ്കൂളിന്റെ മേനേജ്മെന്റ് ഏറ്റെടുത്തു.അതിനു ശേഷം സ്കൂൾ ഭൗതിക സാഹചര്യത്തിൽ വളരെ ഉന്നതിയിലെത്തുകയും ചെയ്തു.

ഇൻഡോർ ഗ്രൗണ്ട്,പരിസ്ഥിതി സൗഹൃദമായ വിശാലമായ ക്ലാസ്സ് മുറികൾ,ആധുനിക രീതിയിലുള്ള ബാത്ത് റൂം,സ്മാർട്ട് ക്ലാസ്സ് കം കമ്പ്യൂട്ടർ റൂം,എല്ലാ ക്ലാസ്സ് മുറികളിലും ഫാൻ,ലൈറ്റ്,ടൈൽ പാകിയ നിലം എന്നിവയാൽസമൃദ്ധമായി സ്കൂൾ മാറ്റിയെടുത്തിട്ടുണ്ട്.കൂടാതെ വളരെ വിശാലമായ ഒരു ലൈബ്രറിയ റൂമും സ്കൂളിന് മുതൽ കൂട്ടായുണ്ട്. ആധുനിക രീതിയിലുള്ള മൂന്ന് നിലയോട് കൂടിയ ആകർഷണീയമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തിൽ ശക്തമായ ഒരു പി.ടി.എ യും പ്രവർത്തിക്കുന്നുണ്ട്, ആവശ്യമായ എല്ലാ സഹായസഹകരണങ്ങളും പി.ടി.എ യുടെയും എം.പി.ടി.എ യുടെയും ഭാഗത്ത് ലഭിച്ചു വരുന്നുണ്ട്.

## ലക്ഷ്യങ്ങൾ

അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ലക്ഷ്യം വച്ച് 1 മുതൽ 4 വരെ ഓരോ ക്ലാസ്സിലും കുട്ടി അതത് പ്രായത്തിൽ നേടാവുന്ന പരമാവധി ധാരണകളും കഴിവുകളും നേടിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തും.എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കും.അവരവരുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കും. മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കാൻ ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജ്ജിക്കുന്നതോടൊപ്പം മതനിരപേക്ഷത, ജനാധിപത്യബോധം, തുല്യത, സഹകരണം തുടങ്ങി സമൂഹത്തിന്റെ മുന്നോട്ട് പോക്കിനാവശ്യമായ മൂല്യബോധം ഉളവാക്കാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കും.

PDF Scanner ACE Scanner

1) ക്യാമ്പസ് ഒരു പാഠപുസ്തകം എന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസും ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റും.
2) വായനശാല, ലബോറട്ടറി എന്നിവ ആധുനിക വത്കരിക്കും.
3) സർഗ്ഗപരമായ എല്ലാ കഴിവുകളും വികസിപ്പിക്കുന്ന സമഗ്ര വിദ്യാഭ്യാസം ഉറപ്പാക്കും.
4) പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന ഉറപ്പാക്കും.
5) സ്കൂൾ തലത്തിൽ കൊഴിഞ്ഞ് പോക്ക് ഇല്ലാത്ത അവസ്ഥ സൃഷ്ടിക്കും.
6) കാർഷിക സംസ്കാരം വളർത്തിയെടുക്കും.
7) പ്ലാസ്റ്റിക്ക് മുക്ത സ്കൂൾ യാഥാർത്ഥ്യമാക്കും.
8) ക്ലാസ്സ്മുറി ഹൈടെക്ക് ആക്കും.
9) എല്ലാ കുട്ടികൾക്കും മലയാലം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തും.
10) നാട്ടറിവ് ശില്പശാല.

## മലയാളം

ലക്ഷ്യങ്ങൾ:–

***തുല്യത, ഗുണത ഊന്നൽ നൽകൽ***

1) സ്കൂൾ പഠനം പൂർത്തിയാക്കുന്ന എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷ ആശയവിനിമയം നടത്താനുള്ള കഴിവ് വികസിപ്പിക്കൽ.
2) സ്കൂൾ ക്യാമ്പസ് ഒരു പാഠപുസ്തകമാക്കി മാറ്റി എടുക്കൽ.
3) കലാ കായിക രംഗങ്ങളിൽ ഓരോ കുട്ടിയേയും വളർത്തിയെടുക്കൽ.
4) എല്ലാവർക്കും എഴുത്തും വായനയും.
5) വായനക്കൂട്ടം, എഴുത്തു കൂട്ടം.
6) ഗ്രന്ഥശാല അംഗത്വം.
7) ക്ലാസ്സ് സഭ, ബാലസഭ, സ്കൂൾ സഭ.
8) വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടൽ.
9) ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യതകൾ എന്നിവ സജ്ജീകരിക്കൽ.
10) സർഗാത്മക പ്രകടനങ്ങൾക്കുള്ള വൈവിധ്യമാർന്ന അവസരമൊരുക്കൽ. (ചുമർ പത്രിക, കൈയ്യെഴുത്ത് മാസിക)
11) സമയാസമയങ്ങളിൽ ആശയപ്രകടനത്തിനും ആവിഷ്കാരത്തിനുമുള്ള വൈവിധ്യമാർന്ന അവസരമൊരുക്കൽ.

| Sl. no | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1 | <u>പ്രീടെസ്റ്റ് മൂല്യ നിർണ്ണയ ഫലം</u><br>കുട്ടികളിൽ നടത്തിയ മൂല്യനിർണയത്തിലെ ഫലം രേഖപ്പെടുത്തി അനുയോജ്യമായ പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നു. | ഹ്രസ്വകാലം ജൂൺ | ക്ലാസ്സ് ടീച്ചർ | - |
| 2 | <u>രക്ഷാകർത്തൃ യോഗം</u><br>വായനാ സാമഗ്രി, ചർച്ച, നിർമ്മാണം, ശേഖരണം | മധ്യകാലം | രക്ഷിതാക്കൾ | - |
| 3 | <u>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ</u><br>- പ്രീ ടെസ്റ്റ്<br>- അക്ഷരം ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- വാക്കുകൾ എഴുതിയ കാർഡ്, അക്ഷര കാർഡ്<br>-വാക്കുകൾ- വാക്യങ്ങൾ നിർമ്മിക്കുക<br>- ചിത്രം- അടിക്കുറിപ്പ്<br>- ചിത്രം- കഥ പറയൽ<br>- കഥ- ബാക്കി എഴുതൽ<br>- കഥാപുസ്തകങ്ങൾ നൽകൽ<br>- ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്<br>- അക്ഷര കളികളിൽ ഏർപ്പെടൽ<br>- ഓരോ കുട്ടിക്കും ഒരു കൈപ്പുസ്തകം | ആഗസ്റ്റ് - മാർച്ച് | ക്ലാസ്സ് ടീച്ചർ | - |
| 4 | <u>വായനാക്കൂട്ടം- കുട്ടിയെ മികച്ച വായനക്കാരനാക്കുക</u><br>- ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കൽ<br>- ക്ലാസ്സിൽ പുസ്തക വിതരണം നടത്തി ഇടവേളകളിൽ ഇരുന്ന് വായിപ്പിക്കുക. വായിച്ച പുസ്തകത്തെപ്പറ്റി പറയൽ<br>- വായനാമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ<br>- പത്രവായന<br>- അമ്മവായന<br>- വായനോത്സവം സംഘടിപ്പിക്കൽ<br>- പുസ്തകചർച്ച<br>- ആസ്വാദകരമായ വായന<br>- സ്കൂൾ സഭ, ബാല സഭ<br>- ദിനാചരണങ്ങൾ<br>- വിദ്യാരംഗം കലാസാഹിത്യ വേദി<br>- വായനാനുഭവം പങ്കുവെക്കൽ<br>- വായനാകുറിപ്പ് തയ്യാറാക്കൽ<br>- ചങ്ങാതിയുടെ കൈത്താങ്ങ് | ദീർഘ കാലം | ലൈബ്രറി ക്ലാസ്സ് ടീച്ചർ | SCERT |
| 5 | <u>എഴുത്ത് മികച്ചതാക്കൽ</u><br>- കവിത, ലഘു കുറിപ്പ് തയ്യാറാക്കൽ | | | |

PDF Scanner ACE Scanner

| | | | | |
|---|---|---|---|---|
| | - എഴുത്തുകൂട്ട രൂപീകരണം<br>- പുസ്തക ചർച്ച – എഴുതൽ<br>- ആസ്വാദനക്കുറിപ്പ്, വായനാകുറിപ്പ് എഴുതൽ<br>- വ്യക്തി രചന, സംഘരചന<br>- വായനാകുറിപ്പ് പതിപ്പ്<br>- വർക്ക്ഷീറ്റ് - ചിഹ്നം ചേർത്തെഴുതൽ<br>- വാർത്ത എഴുതൽ<br>- ICT ഉപയോഗിച്ച് ചിത്രപ്രദർശനം നടത്തി അടിക്കുറിപ്പ് എഴുതൽ<br>- ദിവസവും ഡയറി എഴുതി ശീലിപ്പിക്കുക<br>- സർഗാത്മകത വളർത്താനുള്ള, രചനാശേഷിയുള്ള വർക്ക്ഷീറ്റുകൾ തയാറാക്കി കുട്ടികൾക്ക് നൽകൽ, വിലയിരുത്തൽ | ഹ്രസ്വകാലം | ക്ലാസ്സ് ടീച്ചർ, അധ്യാപകർ | SCERT PTA |
| 6 | <u>**പോസ്റ്റ് ടെസ്റ്റ്**</u><br>- ചെറുകവിതകൾ ചൊല്ലി ആശയം മനസ്സിലാക്കി ചോദ്യങ്ങൾക്ക് ഉത്തരമെഴുതൽ | ജനവരി to മാർച്ച് | ക്ലാസ്സ് ടീച്ചർ | - |
| 7 | <u>**വളർച്ചാ രേഖകൾ: മികവിലേക്ക്**</u><br>കുട്ടികളിലെ പഠനമികവും പഠനപിന്നോക്കവും മൂല്യനിർണയ രേഖയാക്കി വളർച്ചാരേഖകളിൽ എഴുതുന്നു. പരിഹാര നടപടികൾ എടുക്കുന്നു. | ജനവരി to മാർച്ച് | ക്ലാസ്സ് ടീച്ചർ | - |

ACE Scanner

# മലയാളം : അക്ഷര വെളിച്ചം

**ആമുഖം:-**

മലയാള ഭാഷയ്ക്ക് പ്രഥമസ്ഥാനം നൽകിയ ഈ കാലഘട്ടത്തിൽ കുട്ടികളിൽ അക്ഷരത്തെറ്റ് കൂടാതെ എഴുതുവാനും ആശയഗ്രഹണത്തോടെ വായിക്കുവാനും മുഴുവൻ കുട്ടികളെയും പ്രാപ്തരാക്കുക എന്ന ലക്ഷ്യം വച്ചു കൊണ്ടുള്ള ഒരു പ്രവർത്തനത്തിനാണ് ഈ അധ്യനവർഷം ഞങ്ങൾ തുടക്കം കുറിച്ചിരിക്കുന്നത്.

**ഉദ്ദേശ്യം:-**

- കുട്ടികൾക്ക് ആശയഗ്രഹണത്തോടെയുള്ള വായനാശേഷി വികസിപ്പിച്ചെടുക്കുന്നതിന്.
- ആശയഗ്രഹണത്തോടെയുള്ള വായനയിൽ കുട്ടികളെ പ്രാപ്തരാക്കുക.
- വായനയിൽ കുട്ടികൾക്കനുഭവപ്പെടുന്ന പ്രയാസങ്ങൾ കണ്ടെത്തുക.
- അക്ഷരങ്ങളും ചിഹ്നങ്ങളും തെറ്റുകൂടാതെ വായിക്കുവാനും എഴുതുവാനും പ്രാപ്തരാക്കുക.
- വായനാകുറിപ്പ് തയ്യാറാക്കുന്നതിന്.
- ചിത്രവായനയിലൂടെ സ്വന്തം ആശയവിപുലീകരണവും പുതിയ രചനകളുടെ സൃഷ്ടിയും പ്രോത്സാഹിപ്പിക്കുക.
- ലൈബ്രറി വിപുലീകരണം.
- ക്ലാസ്സ് ലൈബ്രറി സംവിധാനം ശക്തിപ്പെടുത്തും.
- ഒരു കുട്ടിക്കൊരു പുസ്തകം, ബാഗ് ലൈബ്രറി നടപ്പിലാക്കും.
- രക്ഷിതാക്കളെ വായനയിലേക്ക് ആകർഷിക്കുക.

**പദ്ധതി രൂപരേഖ – ലൈബ്രറി വിപുലീകരണം**

സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും.

**ലക്ഷ്യം:-**

2018, Dec 31 ന് സ്കൂൾ ലൈബ്രറി മാതൃകാപരമായി ക്രമീകരിച്ച് ആകർഷകമാക്കുകയും പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യും.

ACE Scanner

| Sl: no | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1 | നിലവിൽ ലഭ്യമായ പുസ്തകങ്ങൾ ഇനം തിരിച്ച് തരം തിരിക്കുന്നു.എഴുത്തുകാരുടെ പേരിന്റെ അക്ഷരമാലാക്രമത്തിൽ. | 2018 ഏപ്രിൽ, മെയ് | അധ്യാപകർ | - |
| 2 | ഓരോ ക്ലാസ്സിനും ഉപയോഗിക്കാവുന്ന ബുക്കിന്റെ ലിസ്റ്റ് തയ്യാറാക്കുന്നു. | മാർച്ച് മുതൽ മെയ് വരെ | അധ്യാപകർ | - |
| 3 | ബുക്ക് വിതരണത്തിനുള്ള സൗകര്യമൊരുക്കുന്നു. | 2018 ജൂൺ രണ്ടാം ആഴ്ച | കുട്ടി, ലൈബ്രേറിയൻ, ക്ലാസ്സ് ടീച്ചർ | - |
| 4 | പ്രവർത്തനരീതി കുട്ടികൾക്ക് പരിശീലനം നൽകുന്നു. | | | |
| 5 | ഓരോ ക്ലാസ്സിൽ നോട്ട് ബുക്ക് രജിസ്റ്റർ നൽകുന്നു. | | | |
| 6 | പുസ്തക വിതരണം ആഴ്ചയിലൊരിക്കൽ, എല്ലാ ബുധനാഴ്ച്ചയും ഉച്ചയ്ക്ക് 1:30 ന്. | | | |
| 7 | ലൈബ്രറി ചുമരുകൾ സാഹിത്യകാരന്മാരുടെ ചിത്രം, കലകളുമായി ബന്ധപ്പെട്ട ചിത്രം എന്നിവ കൊണ്ട് അലങ്കരിക്കുന്നു. ചുമരിൽ വായനയുമായി ബന്ധപ്പെട്ട വചനങ്ങൾ എഴുതി വയ്ക്കുന്നു. | ഏപ്രിൽ, മെയ് | ലൈബ്രേറിയൻ, വിദ്യാരംഗം കൺവീനർ | |
| 8 | <u>പുസ്തക ചർച്ച</u><br>വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, അധ്യാപകർ, സാഹിത്യകാരന്മാർ എന്നിവർക്ക് സ്വാഗതം. പാഠഭാഗവുമായി ബന്ധപ്പെട്ട് അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തൽ. | മാസത്തിൽ ഒരു ദിവസം | അധ്യാപകർ | |
| 9 | <u>വായനാ സാമഗ്രികൾ വികസിപ്പിക്കൽ</u><br>പ്രാദേശിക എഴുത്തുകാരുടെയും അധ്യാപകരുടെയും പങ്കാളിത്തമുള്ള രചനാ ശിൽപശാല സംഘടിപ്പിക്കൽ, | അധ്യാപകർ | SSA | |
| 10 | <u>വായനോത്സവം സംഘടിപ്പിക്കൽ</u><br>കുട്ടികളുടെ കൂട്ടായ്മ, യോഗം സംഘടിപ്പിക്കൽ, യോഗത്തിൽ പങ്കെടുത്തവർ വായിച്ച പുസ്തകത്തെപ്പറ്റി പറയൽ. വായിച്ച കൃതികളുടെ രംഗാവിഷ്കാരം. | ദീർഘകാലം | വിദ്യാരംഗം, കലാസാഹിത്യ വേദി | SSA |
| 11 | <u>വായനാകുറിപ്പ് , ആസ്വാദനക്കുറിപ്പ്</u><br>പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തകങ്ങളുമായി ബന്ധപ്പെട്ട വായനാകുറിപ്പും ആസ്വാദനക്കുറിപ്പും തയ്യാറാക്കൽ - പതിപ്പ് പ്രകാശനം. | ദീർഘകാലം | വിദ്യാരംഗംകലാസാഹിത്യവേദി | |

ACE Scanner

| | | | | |
|---|---|---|---|---|
| 12 | **ആനകാലിക പ്രസിദ്ധീകരണങ്ങൾ**<br>ക്ലാസ്സ് മുറിയിൽ , സ്കൂളിൽ ധാരാളം ആനകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ. | ദീർഘകാലം | ക്ലാസ്സ് അധ്യാപകൻ, വിദ്യാരംഗം കലാസാഹിത്യവേദി | SSA, PTA |
| 13 | **ബർത്ത്ഡേ പുസ്തക ശേഖരണം**<br>"പിറന്നാൾ പുസ്തകം" എന്ന നിലയിൽ ഓരോ കുട്ടിയും പിറന്നാളിന് ഒരു പുസ്തകം സ്കൂളിന് നൽകുന്നു. | ദീർഘകാലം | ക്ലാസ്സ് അധ്യാപകർ | - |
| 14 | **വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം**<br>വായന, എഴുത്ത് മെച്ചപ്പെടുത്താൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം പാഠഭാഗവുമായി ബന്ധപ്പെട്ടവ, സ്വന്തം സൃഷ്ടികൾ എന്നിവ പരിചയപ്പെടുത്താനവസരം - വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ. | ഹ്രസ്വകാലം | ക്ലാസ്സ് അധ്യാപകർ | SSA, നാട്ടുകാർ |
| 15 | **അമ്മ വായന**<br>സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരെഞ്ഞെടുക്കാൻ അവസരം - വായനാക്കൂട്ടം തയ്യാറാക്കൽ -മികച്ച കുറിപ്പ് തയ്യാറാക്കൽ | ദീർഘകാലം | | |
| 16 | **കുട്ടിയെ മികച്ച വായനക്കാരനാക്കുക**<br>ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ | | | |
| 17 | **ഒരു കുട്ടിക്കൊരു ബാഗ്**<br>ഒരു കുട്ടിക്ക് കുറച്ച് പുസ്തകങ്ങൾ നൽകുന്നു. അത് വായിച്ച് വായനാകുറിപ്പ് എഴുതുന്നു. | ദീർഘകാലം | ലൈബ്രേറിയൻ, അധ്യാപകർ | |

PDF Scanner ACE Scanner

# അറബിക്

| Sl: no | ലക്ഷ്യം | പ്രവർത്തനം | ചുമതല | സാമ്പത്തികം | കാലയളവ് |
|---|---|---|---|---|---|
| 1 | **നല്ല വായന**<br>മുഴവൻ കുട്ടികൾക്കും ലഘുവാക്യങ്ങൾ വായിക്കാൻ സാധിക്കുന്നവരാകണം | തെരെഞ്ഞെടുത്ത ലളിതമായ അറബിക് പുസ്തകങ്ങളുള്ള ലൈബ്രറി,<br>ആഴ്ചയിൽ ഒരു പുസ്തകം വായന,<br>പാരായണ മത്സരം,<br>ചിത്രീകരണം,<br>വായനാമത്സരം | അധ്യാപിക | SSA, PTA | ദീർഘകാലം |
| 2 | **നല്ല എഴുത്ത്** | ക്ലാസ്സ് മാസിക നിർമ്മാണം<br>ചുമർ പത്രിക നിർമ്മാണം<br>വായനാ കാർഡ് നിർമ്മാണം | അധ്യാപിക, അറബിക് ക്ലബ്ബ് | | മാസത്തിലൊരിക്കൽ, വർഷത്തിലൊരിക്കൽ |
| 3 | **നല്ല ആസ്വാദനം**<br>പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കാനും ശ്രവിക്കുവാനും അവസരം സൃഷ്ടിക്കൽ | രണ്ടാഴ്ചയിലൊരിക്കൽ ആസ്വാദന സഭ ചേരുക,<br>ലാപ് ടോപ്പ് ഉപയോഗിച്ച് കഥകളുടെയും പാട്ടുകളുടെയും വീഡിയോ കാണിക്കുക | അധ്യാപിക | | ദീർഘകാലം |
| 4 | **നല്ല മത്സരങ്ങൾ** | സ്കൂളിൽ പ്രതിഭകൾക്ക് മാത്രം വിജയം പോര. എല്ലാവരും വിജയി എന്നതിലേക്ക്<br>സ്കൂളിൽ വ്യത്യസ്ത കാറ്റഗറിയിൽ മത്സരം നടത്തുക,<br>ഉദാ-:<br>ക്വിസ്സ്<br>പദനിർമ്മാണം<br>കഥാപൂരണം<br>...................... | അധ്യാപിക, അറബിക് ക്ലബ്ബ്, സഹ അധ്യാപകർ, PTA | | ദീർഘകാലം |
| 5 | **നല്ല ദിനങ്ങൾ** | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ കുട്ടികൾ ചാർട്ടിൽ അധ്യാപകന്റെ സഹായത്തോടെ പോസ്റ്റർ നിർമ്മാണം | അധ്യാപിക | | ദീർഘകാലം |

PDF Scanner ACE Scanner

| | | | | | |
|---|---|---|---|---|---|
| 6 | <u>അറബിക് ഫെസ്റ്റ്</u> | അറബിക് ദിനത്തിലോ അല്ലാതെയോ ഒരു മുഴുവൻ സമയ/ഹാഫ് ഡേ അറബിക് ഫെസ്റ്റ്, മികച്ച അറബിക് കലാ അവതരണം | അധ്യാപിക | PTA | വർഷത്തിലൊരിക്കൽ |
| 7 | <u>സ്കൂൾ വാർഷികം</u> | സ്കൂൾ വാർഷികത്തിൽ അറബിക് / സിംഗിൾ ഡാൻസ്, നാടകം ഇടങ്ങിയ ഇനങ്ങൾ | അധ്യാപിക | PTA | വർഷത്തിലൊരിക്കൽ |

## <u>അറബിക് ക്ലബ്ബ്</u>

| | |
|---|---|
| ജൂൺ | ക്ലബ്ബ് രൂപീകരണം |
| ജൂലൈ | കയ്യെഴുത്ത് മത്സരം<br>കവിതാലാപന മത്സരം |
| ആഗസ്റ്റ് | ക്വിസ്സ് മത്സരം |
| സെപ്റ്റംബർ | ലൈബ്രറി സമാഹരണം<br>പദനിർമ്മാണം |
| ഒക്ടോബർ | ഖുർ ആൻ പാരായണം<br>അറബി ഗാന മത്സരം |
| നവംബർ | പതിപ്പ് നിർമ്മാണം |
| ഡിസംബർ | അറബി ഭാഷാ ദിന പരിപാടികൾ<br>മാഗസീൻ പ്രകാശനം |
| ജനവരി | അറബിക് ഫെസ്റ്റ് |
| ഫെബ്രുവരി | ക്ലാസ്സ് തല ഉല്പന്ന പ്രവർത്തനങ്ങൾ |

ACE Scanner

# EASY ENGLISH

**ആമുഖം**

ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ നാം വളരെയേറെ പിറകിലാണ്. ഇംഗ്ലീഷ് ഭാഷാപഠനം ക്ലാസ്സ്തല പ്രവർത്തനങ്ങളിൽ പലപ്പോഴും വലിയ പ്രശ്നമായി അനുഭവപ്പെടുന്നു. ഒന്നാം ക്ലാസ്സ് മുതൽ ഔപചാരികമായി ഇംഗ്ലീഷ് പഠനം ആരംഭിച്ചുവെങ്കിലും തൊണ്ണൂറ് ശതമാനം കുട്ടികളിലും ഇംഗ്ലീഷ് പഠനം വളരെ പ്രയാസകരമാണ്. ഈ പ്രശ്നം പരിഹരിക്കാൻ കുട്ടികളുടെ ആർജ്ജിത അറിവുകൾ സഭാകമ്പമില്ലാതെ പ്രകടിപ്പിക്കേണ്ടത് അത്യാവശ്യമാണ്. നൂതനമായ രീതികളിലൂടെ ആശയങ്ങളും ചിന്തകളും സ്വാഭാവികമായി പ്രകടിപ്പിക്കാനുതകുന്ന സ്വയം നിയന്ത്രിത പഠനാന്തരീക്ഷം ഒരുക്കേണ്ടത് അത്യാവശ്യമാണ്.

ഈ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടി ശാസ്ത്രീയവും വൈവിധ്യവുമായ പ്രവർത്തനങ്ങൾ നടപ്പിലാക്കലാണ് "EASY ENGLISH" എന്ന പദ്ധതി.

**ലക്ഷ്യങ്ങൾ**

- ഇംഗ്ലീഷ് ഭാഷയിൽ ആശയം പ്രകടമാക്കുന്നതിനും ആശയവിനിമയം നടത്താനും അവസരം സൃഷ്ടിക്കുക.
- ഇംഗ്ലീഷ് ഭാഷയിൽ സ്വയം നിയന്ത്രിത പഠനപ്രവർത്തനങ്ങൾ ഒരുക്കുക.
- ക്ലാസ്സിൽ അധ്യാപകർ ഇല്ലാത്ത സമയങ്ങളിലും ഒഴിവു സമയങ്ങളിലും സ്വയം നിയന്ത്രിത പഠനം നടത്തുക

**സാമ്പത്തിക വിശകലനം**

| | |
|---|---|
| പ്രതീക്ഷിത ചെലവ് | 1000 രൂപ |
| സാമ്പത്തിക സ്രോതസ്സ് | SSA,PTA, TEACHERS GRANT |

**പ്രതീക്ഷിത നേട്ടം**

- ഇംഗ്ലീഷ് പഠനം രസകരവും ലളിതവുമാക്കൽ.
- ഇംഗ്ലീഷ് സംസാരിക്കുന്നതിനും, എഴുതുന്നതിനും താല്പര്യം വളർത്തൽ.
- ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്കുപരി സ്വയം നിയന്ത്രിത പ്രവർത്തനങ്ങൾ. സൃഷ്ടിക്കൽ, നേടിയ അറിവ് നൂതന സന്ദർഭങ്ങളിൽ പ്രയോഗിക്കൽ.
- ഭിന്ന നിലവാരക്കാരെ സഹകരിപ്പിക്കൽ.

ACE Scanner

| Sl: no | പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **Story time** | - വെള്ളിയാഴ്ച്ചകൾ "English day" ആക്കി മാറ്റുന്നു.<br>- പാഠഭാഗവുമായി ബന്ധപ്പെട്ട് കഥാഭാഗങ്ങൾ കണ്ടെത്തൽ.<br>- അവതരണത്തിന് വ്യത്യസ്ത തന്ത്രങ്ങൾ( drama, story telling, puppetry) | June to march | Class teacher | - |
| 2 | **Public speaking** | - audio – video സംവിധാനങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത സ്പീക്കിംഗ് അനുഭവങ്ങൾ നൽകുക.<br>- അവതരണം | Aug to September | Class teacher | SSA |
| 3 | **Drama & Theatre** | - പാഠഭാഗത്തെ നാടകീകരണ സന്ദർഭങ്ങൾ കണ്ടെത്തുക. | Sept to October | Class teacher | SSA PTA |
| 4 | **Cinema of documentary** | - Documentary കാണാൻ അവസരം<br>- വീഡിയോ കോൺഫറൻസ് കാണാനുള്ള അവസരം.<br>- അഭിനയ പരിശീലനത്തിന് അവസരം | Nov to Dec | Class teacher, English club | - |
| 5 | **-Young Talents**<br>**-Drama camp**<br>**-News reading**<br>**-Speech** | - കുട്ടികളിൽ English speech വർദ്ധിപ്പിക്കുന്നതിന്<br>- LSRW Skills വർദ്ധിപ്പിക്കുന്നതിന്. | One per month | English club teachers | SSA |
| 6 | **English Assembly** | - ഇംഗ്ലീഷ് അസ്സംബ്ലി ആഴ്ചയിലൊരിക്കൽ സംഘടിപ്പിക്കുന്നതിന്. | One per week | Teachers | - |
| 7 | **English club** | - ക്ലബ്ബ് അംഗങ്ങൾ പരിപാടി തെരെഞ്ഞെടുക്കുന്നു.<br>- അവതരണം | | Teachers | - |
| 8 | **English game** | - സ്കിറ്റ് അവതരണത്തിലൂടെയും ഗയിം കളിക്കാം | One per week | Teachers | - |
| 9 | **Skit** | - സ്കിറ്റ് അവതരിപ്പിക്കുന്നതിലൂടെ | Per month | English club& class | SSA |



PDF Scanner ACE Scanner

| | | | | | |
|---|---|---|---|---|---|
| | | dialogues, English speech skills വർദ്ധിപ്പിക്കുന്നതിന് | | | |
| 10 | **English Diary** | -writing skills വർദ്ധിപ്പിക്കുന്നതിന്.<br>- സൂക്ഷ്മത, ദിവസങ്ങൾ എന്നിവ തിരിച്ചറിയുന്നതിന്. | Per week | Class teacher | - |
| 11 | **Spelling game** | - കളികളിലൂടെ കുട്ടികളിൽ skills എത്തിക്കുന്നതിന്.<br>- spelling മനസ്സിലാക്കുന്നതിനും എഴുതാൻ ശ്രമിക്കുന്നതിനും | Short term | Class teacher | - |
| 12 | **Self introduction** | - അവതരണത്തിന് വ്യത്യസ്ത തന്ത്രങ്ങൾ ഉപയോഗപ്പെടുത്തി സ്വയം പരിചയപ്പെടുത്തൽ<br>- കുട്ടികളുടെ speaking skills മെച്ചപ്പെടുത്തുന്നതിന് | Short term | Class teacher | - |

PDF Scanner ACE Scanner

## പരിസരപഠനം

**ആമുഖം:-**

ആധുനിക സമൂഹത്തിന്റെ നിലനില്പ് പ്രധാനമായും ശാസ്ത്രത്തെ അടിസ്ഥാനമാക്കിയാണ്. വസ്തുതകളുടെ കാരണങ്ങൾ കണ്ടെത്തിക്കൊണ്ടാണ് പരിസര പഠനം നടക്കുന്നത്. ചുറ്റുപാടിനെക്കുറിച്ച് ബോധമുണ്ടാക്കേണ്ടത് അത്യാവശ്യമായ കാര്യമാണ്. അന്വേഷിച്ച് കണ്ടെത്തൽ, സൃഷ്ടിപരത, ചോദ്യം ചെയ്യാനുള്ള കഴിവ് എന്നിവയിൽ കുട്ടികൾക്ക് ഊന്നൽ നൽകിക്കൊണ്ടാണ് പരിസരപഠനം. പ്രകൃതിയിലേക്ക് ഇറങ്ങിച്ചെന്ന് പ്രകൃതിയോടിണങ്ങിച്ചേർന്നാണ് എൽ.പി തലത്തിൽ പരിസരപഠനം കുട്ടികൾക്ക് സൗഹൃദമനോഭാവം ഉണ്ടാക്കുന്നത്. പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുള്ള മൂല്യബോധം ചെറുപ്പം മുതൽ തന്നെ വളർത്തിയെടുക്കുകയെന്നതാണ് പരിസരപഠനത്തിലൂടെ നാം ചെയ്യേണ്ടത്.

| Sl: no | ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലയളവ് | സാമ്പത്തികം |
|---|---|---|---|---|---|
| 1 | **ദിനാചരണങ്ങൾ** | പക്ഷി നിരീക്ഷണം, പരിസ്ഥിതി ദിനം, ചാന്ദ്ര ദിനം, സ്വാതന്ത്ര്യദിനം, ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം, പോസ്റ്റർ നിർമ്മാണം, ക്വിസ്സ്, ചിത്രപ്രദർശനം, ഫീൽഡ് ട്രിപ്പ്, ചിത്രം വര, കൊളാഷ്, മഹാന്മാരെക്കുറിച്ച് പതിപ്പ്, ചുമർപത്രം. | ക്ലാസ്സ് ടീച്ചർ, പി.ടി.എ | ഹ്രസ്വ കാലം | സ്കൂൾ, SSA,PTA |
| 2 | **അഭിമുഖം** (പ്രധാന വ്യക്തികൾ) | ഓരോ മാസത്തിലും ഓരോ പ്രശസ്ത വ്യക്തികളെ - ശാസ്ത്രജ്ഞർ , കൃഷിക്കാർ, മറ്റുതൊഴിൽ മേഖലയിലുള്ളവരുമായി അഭിമുഖം നടത്തൽ. | ക്ലാസ്സ് ടീച്ചർ, പി.ടി.എ വാർഡ് മെമ്പർ | ദീർഘകാലം | സ്കൂൾ SSA |
| 3 | **I C T അധിഷ്ഠിത ക്ലാസ്സ് റൂം** | പാഠഭാഗവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ചിത്ര സഹിതം വലിയ സ്ക്രീനിൽ കാണിച്ചു കൊടുക്കൽ | ക്ലാസ്സ് ടീച്ചർ | ദീർഘകാലം | മാനേജർ SSA |
| 4 | **ഫീൽഡ് ട്രിപ്പ്** | ഓരോ പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികളെ ഫീൽഡ് ട്രിപ്പിന് കൊണ്ട് പോവൽ. കണ്ടറിയുക എന്നതാണ് കേട്ടറിയുന്നതിനേക്കാൾ നല്ലത്. | ക്ലാസ്സ് ടീച്ചർ | ദീർഘകാലം | സ്കൂൾ |



ACE Scanner

| | | | | | |
|---|---|---|---|---|---|
| 5 | **പരീക്ഷണം** | എല്ലാം പരീക്ഷിച്ച കണ്ടെത്തിയാൽ കുട്ടികൾക്ക് അറിവ് വികാസം എളുപ്പത്തിൽ നടക്കും | ക്ലാസ്സ് ടീച്ചർ | ദീർഘകാലം | സ്കൂൾ |
| 6 | **വർഗ്ഗീകരണം** | ചുറ്റുപാടിലേക്ക് ഇറങ്ങി ചെടികളെ വർഗ്ഗീകരിക്കുന്നു. | ടീച്ചർ, ക്ലാസ്സ് ലീഡർ | ദീർഘകാലം | സ്കൂൾ ക്ലാസ്സ് |
| 7 | **പരിസ്ഥിതി സൗഹൃദ ക്ലാസ്സ് റൂം** | ക്ലാസ്സ് മുറികൾ പരിസ്ഥിതി സൗഹൃദമാക്കി തീർക്കൽ, ക്ലാസ്സ് പ്രകൃതിക്കിണങ്ങിയ തരത്തിലുള്ള വസ്തുക്കൾ കൊണ്ട് അലങ്കരിക്കുക. | ക്ലാസ്സ് ടീച്ചർ | ഹ്രസ്വ കാലം | സ്കൂൾ, മാനേജർ |

**പ്രശ്നങ്ങൾ:-**

- ICT യിലൂടെ പരിസരപഠനം ക്ലാസ്സ് തലത്തിൽ നടത്താനുള്ള ബുദ്ധിമുട്ട്. പ്രൊജക്ടറിന്റെ അഭാവം
- സമയ പരിമിതി, ക്ലാസ്സ് തല പ്രവർത്തനങ്ങളും പരിസരനിരീക്ഷണവും ഒന്നിച്ച് സമയബന്ധിതമായി (പാഠഭാഗങ്ങൾക്ക് ഊന്നൽ നൽകി) തീർക്കാനുള്ള ബുദ്ധിമുട്ട്.
- നിശ്ചയിച്ച ശേഷികൾ എല്ലാ തരക്കാരിലും എത്തിക്കാൻ കഴിയുന്നില്ല.

PDF Scanner ACE Scanner

## ഗണിതം

ഗണിതം മനോഹരമായ ഒരു ചങ്ങലയാണ്. അതിലെ കണ്ണികൾ ക്രമമായി അടുക്കിയാൽ മാത്രമേ ഗണിത പഠനം രസകരമാകൂ. കുട്ടികളിൽ ഗണിതശേഷി വളർത്തുന്നതോടൊപ്പം തന്നെ ഗണിതപഠനത്തിൽ താല്പര്യം ജനിപ്പിക്കാൻ സാധിക്കണം. യാന്ത്രിക നടപടികൾ പരിഹരിച്ചാൽ ഒരു പരിധിവരെ ഗണിതപഠനം രസകരമാകും.

**കൈത്താങ്ങായി കാവലാളായി:–**

- ഗണിത പഠനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കുട്ടികൾ ഗണിതപഠനത്തിൽ പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് കൈത്താങ്ങായി അവരുടെ ഒഴിവു സമയം ഫലപ്രദമാക്കുന്നു.
- ക്ലാസ്സ് അധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ നടത്തുന്നു.

**കണ്ടെത്തിയ പരിമിതികൾ:–**

- ഒന്നു മുതൽ നാല് വരെ ക്ലാസ്സിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.
- ICT അധിഷ്ഠിതവും പ്രക്രിയാ ബന്ധിതവുമായ പ്രവർത്തനം നടപ്പാക്കുന്നതിനുള്ള പരിമിതികൾ.
- പഠാസൂത്രണം നടത്തുന്നതിലുള്ള വീഴ്ച.
- ലൈബ്രറി ഫലപ്രദമാണെങ്കിലും സമയപരിമിതി.
- ഗണിത ലാബിന്റെ അഭാവം.
- രക്ഷിതാക്കൾക്ക് ഗ്രേഡിംഗിനെ കുറിച്ചുള്ള ധാരണ.
- നിലവിലുള്ള മൂല്യനിർണ്ണയ ചോദ്യപേപ്പറുകൾ.

**കാരണങ്ങൾ കുട്ടികളിൽ:–**

- "ഗണിതം പ്രയാസം" എന്ന തെറ്റിദ്ധാരണ.
- അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ്.
- പഠിക്കുന്ന ആശയം നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാത്തത്.
- തുടർച്ചയായ അസുഖങ്ങൾ.

**അധ്യാപകർ:–**

- എല്ലാ കുട്ടികളെയും പരിഗണിക്കുന്ന തരത്തിലുള്ള ക്ലാസ്സ് റൂം കൈകാര്യം ചെയ്യുന്നത്.
- ഭിന്ന നിലവാരക്കാരായ കുട്ടികൾ ഉള്ള ക്ലാസ്സുകളിലെ അധ്യാപനം.
- വൈവിധ്യമാർന്ന പഠനപ്രവർത്തനം നടപ്പാക്കാൻ കഴിഞ്ഞില്ല.



ACE Scanner

## ഉച്ചഭക്ഷണ പദ്ധതി

- വിഭവ സമൃദ്ധമായ പച്ചക്കറിയുൾപ്പെടുത്തി(ജൈവ വിഭവങ്ങൾ) സ്കൂൾ ഉച്ചഭക്ഷണം വിപുലപ്പെടുത്തൽ.
- രക്ഷിതാക്കളുടെ പങ്കാളിത്തം(ഇറച്ചി, മീൻ)
- സ്കൂളും സമൂഹവും ആയി സുദൃഢമായ ബന്ധം ഉറപ്പിച്ച് കൊണ്ട് ഓണം, ബക്രീദ്, ക്രിസ്മസ് തുടങ്ങി ആഘോഷവേളകൾ ആനന്ദപ്രദമാക്കി സമൂഹസദ്യ ഒരുക്കൽ (സാമ്പത്തികം, സാമൂഹ്യ പങ്കാളിത്തം.

## കായികം

- കുട്ടികളിലെ കായികശേഷി വളർത്താൻ ആഴ്ചയിലൊരിക്കൽ മാസ് ഡ്രിൽ നടത്തുക.
- കായികാഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്കു വേണ്ട പരിശീലനങ്ങൾ നടത്തുക,
- സ്പോർട്സ് മത്സരങ്ങളിലും വിവിധ പ്രവർത്തനങ്ങളിലും പങ്കെടുപ്പിക്കുക.
- സൈക്കിൾ പരിശീലനം, നീന്തൽ പരിശീലനം,

## പ്രവൃത്തി പരിചയം, കലാപഠനം.

- സർഗവാസനയുള്ള കുട്ടികളെ കണ്ടെത്തി വിദഗ്ധ പരിശീലനം നൽകി പരിപോഷിപ്പിക്കൽ.
- മേളകളിൽ പങ്കെടുപ്പിച്ച് പ്രോത്സാഹനങ്ങൾ നൽകും.
- തുന്നൽ പരിശീലനം, നിർമ്മാണ പ്രവർത്തനങ്ങൾ, കളിമൺ ഉല്പന്നങ്ങൾ, ഫേബ്രിക് പെയിന്റുകൾ, കയറുല്പന്നങ്ങൾ, പാഴ് വസ്തുക്കൾ കൊണ്ടുള്ള കരകൗശലങ്ങൾ.
- നിർമ്മാണ കേന്ദ്രങ്ങളിലേക്ക് ഫിൽഡ് ട്രിപ്പ്
- വ്യവസായ ശാലകളിലേക്ക് ഫീൽഡ് ട്രിപ്പ്

## ഐ.സി.ടി

- ഐ.സി.ടി ഉപയോഗിച്ച് കുട്ടികളെ നൂതനാശയങ്ങളിലേക്ക് എത്തിക്കാം. നൂതന സംവിധാനങ്ങൾ തിരിച്ചറിയാം.
- പാഠഭാഗങ്ങൾ കേന്ദ്രീകരിച്ച് ഡോക്യുമെന്റേഷൻ നടത്തും.
- ഫോട്ടോ പ്രദർശനം, ജീവ ചരിത്ര ഡോക്യുമെന്ററി, സി.ഡി പ്രദർശനം.
- ഗയിംസ് കുട്ടികളിലൂടെ നടത്തുന്നു.



PDF Scanner ACE Scanner

## ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ

- ബി.ആർ.സി, ഐ.ഇ.ഡി, ടീച്ചേഴ്സ് എന്നിവരുടെ സഹായത്തോടെ ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനം ആസൂത്രണം, നടപ്പിലാക്കൽ, പ്രോത്സാഹനം, പ്രഗൽഭരുടെ സേവനങ്ങൾ.

## ക്ലബ്ബ് പ്രവർത്തനങ്ങൾ

### ഗണിത ക്ലബ്ബ്

| | |
|---|---|
| ക്ലബ്ബ് രൂപീകരണം | ജൂൺ |
| നിർമ്മാണം(ജ്യാമിതീയ രൂപങ്ങൾ) | ജൂലൈ |
| കുസൃതിക്കണക്ക്, ശേഖരണം, ക്വിസ്സ് മത്സരം | ആഗസ്റ്റ് |
| പസിൽ, ശേഖരണം, നിർമ്മാണം | സെപ്റ്റംബർ |
| ടാൻഗ്രാം നിർമ്മാണം, രൂപം കണ്ടെത്തൽ മത്സരം | ഒക്ടോബർ |
| ഈർക്കിൽ രൂപം നിർമ്മാണം | നവംബർ |
| ഗണിത പദപ്രശ്നം | ഡിസംബർ |
| ഗണിത കളികൾ | ജനുവരി |
| പ്രദർശനം(ക്ലബ്ബ് ഉല്പന്നങ്ങൾ) | ഫെബ്രുവരി |

### ശാസ്ത്ര ക്ലബ്ബ്

| | |
|---|---|
| ക്ലബ്ബ് രൂപീകരണം | ജൂൺ |
| ചാന്ദ്ര ദിനം, ചിത്ര ശേഖരണം, പ്രദർശനം, ക്വിസ്സ് മത്സരം | ജൂലൈ |
| ശേഖരണം, വേരുകൾ | ആഗസ്റ്റ് |
| മേളയിലേക്ക് , ക്വിസ്സ് | സെപ്റ്റംബർ |
| വിവിധയിനം ഇലപ്പതിപ്പ് | ഒക്ടോബർ |
| കാർഷിക ഉപകരണങ്ങൾ പരിചയപ്പെടൽ(പതിപ്പ്) | നവംബർ |
| ലഘു പരീക്ഷണങ്ങൾ (പതിപ്പ്) | ഡിസംബർ |
| അടുക്കളയിലെ രസതന്ത്രം (പതിപ്പ്) | ജനുവരി |
| പ്രദർശനം (ക്ലബ്ബ് ഉല്പന്നം) | ഫെബ്രുവരി |

PDF Scanner ACE Scanner